## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1859** **20-06-2024 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ മണ്ഡലത്തിൽ ബസ് സർവ്വീസുകൾ പുന:സ്ഥാപിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ വിവിധ ഡിപ്പോകളിൽ നിന്ന് ഇരിക്കൂർ മണ്ഡലത്തിലൂടെ സർവ്വീസ് നടത്തിയിരുന്ന എത്ര കെ.എസ്.ആർ.ടി.സി.ബസ്സുകളാണ് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ നിർത്തലാക്കിയതെന്ന് അറിയിക്കാമോ; അവ ഏതെല്ലാമാണ്; നിർത്തലാക്കിയതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ വിവിധ ഡിപ്പോകളിൽ നിന്ന് ഇരിക്കൂർ മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. നടത്തി വന്നിരുന്ന പത്തനാപുരം - ചന്ദനക്കാംപ്പാറ, പുനലൂർ - കുടിയാൻമല, റാന്നി - കുടിയാൻമല, നെടുങ്കണ്ടം - പാലക്കയംത്തട്ട് എന്നീ സർവീസുകൾ യാത്രക്കാരുടെ കുറവ് മൂലം ഉണ്ടാക്കിയിരുന്ന വലിയ സാമ്പത്തിക നഷ്ടം കുറക്കുന്നതിന്റെയും ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായും ടേക്ക് ഓവർ സർവീസുകളോടൊപ്പം സ്വകാര്യ ബസ്സുകൾ സർവീസ് തുടർന്ന് വന്നിരുന്നതിനാലും യാത്രക്കാരില്ലാത്ത ഭാഗത്ത് റൂട്ട് പുനഃക്രമീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ റൂട്ടുകൾ ഭാഗീകമായി പുനഃക്രമീകരിക്കുമ്പോൾ യാത്രാവശ്യം നിറവേറ്റുന്നതിന് മറ്റ് യാത്രാ സൗകര്യം ഇല്ലാത്ത ഭാഗങ്ങളിൽ മാത്രമായി ട്രിപ്പുകൾ അധികമായി ക്രമീകരിച്ച് നൽകുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്. കൂടാതെ ഇത്തരത്തിൽ പുനഃക്രമീകരണം നടത്തുമ്പോൾ ഒറ്റപ്പെട്ട മറ്റ് യാത്രാ സൗകര്യം ഇല്ലാത്ത റൂട്ടുകൾ, ആദിവാസി മേഖലകൾ, തോട്ടം തൊഴിലാളി മേഖലകൾ തുടങ്ങിയ സാമൂഹ്യ പ്രതിബദ്ധതയുള്ള ട്രിപ്പുകൾ തുടരുന്നതിനും നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടി റൂട്ടുകളിൽ ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. 12.10 കണ്ണൂർ - കാപ്പിമല സർവീസ് കോവിഡിന് ശേഷം പുനരാരംഭിച്ചെങ്കിലും യാത്രക്കാർ സർവീസിന് ഉപയോഗിക്കാത്തതിനാൽ ശരാശരി 6736/- രൂപ ഇ.പി.ബി.യും, 25 രൂപ ശരാശരി ഇ.പി.കെ.എം.-ഉം മാത്രമാണ് ലഭിച്ചിരുന്നത്. ഇത്തരത്തിൽ ഡീസൽ ഉൾപ്പടെ പ്രവർത്തന ചെലവിനു പോലും വരുമാനം ലഭ്യമാകാത്ത സാഹചര്യത്തിലാണ് പ്രസ്തുത സർവീസ് നിന്നു പോയത്. |
| (ബി) | പ്രസ്തുത ബസ്സുകൾ നിർത്തലാക്കിയത് മൂലം യാത്രക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ | (ബി) | പ്രസ്തുത റൂട്ടുകൾ ദേശസാൽകൃത റൂട്ട് അല്ലാത്തതിനാലും സ്വകാര്യ ബസ്സുകൾ സർവീസ് |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പുന:സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | | നടത്തി വരുന്നതിനാലും ഒറ്റപ്പെട്ട റൂട്ടുകളിൽ ട്രിപ്പ് ക്രമീകരിച്ചതിനാലും യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ